സഞ്ചാരപ്പടി

*൭ ൦൩. (൪൩) † ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നൽകുമോ.

(എ) ഉദ്യോഗസ്ഥന്മാർ ആരും തന്നെ ഒരു തവണ ൧൦൦ രൂപയിൽ കൂടുതൽ സഞ്ചാരപ്പടി എഴുതി വാങ്ങരുതെന്ന സർക്കുലർ ഉണ്ടോ;

(ബി) ഉണ്ടെങ്കിൽ കോവാപ്പറേറീവു രജിസ്ട്രാർ അതിൽ കൂടുതൽ വാങ്ങിയിട്ടുണ്ടോ?

ധനകാര്യവും, നിയമവും, റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൻ):

(എ) അപ്രകാരം ഒരു സർക്കുലർ ഇല്ല.

(ബി) മേൽപറഞ്ഞ കാരണത്താൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ക്ഷേത്രധ്വംസനം

*൭൧൦. (൪൭) ശ്രീ. പി. എസ്സ്. മാധവൻ വൈദ്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ശബരിമല ക്ഷേത്രധ്വംസനത്തെ സംബന്ധിച്ചു ഒരു സ്പെഷ്യൽ ആഫീസറേയും സ്റ്റാഫിനേയും വച്ചു അന്വേഷിക്കുകയുണ്ടായിട്ടില്ലേ;

(ബി) ഉണ്ടെങ്കിൽ അവരുടെ റിപ്പോർട്ട് സമർപ്പിച്ചുവോ;

(സി) ആ സ്റ്റാഫ് ഇപ്പോഴും നിലവിലുണ്ടോ;

(ഡി) റിപ്പോർട്ട സമർപ്പിച്ചിട്ടുണ്ടെങ്കിൽ ഈ കേസിനെ സംബന്ധിച്ചു വല്ല തെളിവും കിട്ടിയിട്ടുണ്ടോ?

ചീഫ് മിനിസ്റ്റർ (ശ്രീ. സി. കേശവൻ):

(എ) ഉവ്വ്.

(ബി) സ്പെഷ്യലാഫീസർ ഒരു റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്.

(സി) ഒരു സ്പെഷ്യൽ സ്റ്റാഫ് ഇപ്പോഴും നിലവിലുണ്ട്.

(ഡി) അന്വേഷണം അവസാനിച്ചിട്ടില്ലാത്തതിനാൽ പറയാൻ നിവൃത്തിയില്ല.

ശ്രീ. കെ. ആർ. ഇലങ്കത്തു: സ്പെഷ്യൽ സ്റ്റാഫ് ഇപ്പോൾ ആരുടെ കീഴിലാണ് ജോലിചെയ്യുന്നതെന്ന പറയാൻ ദയവുണ്ടാകുമോ?

ശ്രീ. സി. കേശവൻ: ഐ. ജി. ഓഫ് പോലിസിന്റെ കീഴിലാണ്.

ശ്രീ. കോന്നാത്തു കുഞ്ഞിരാമമേനോൻ: അന്വേഷണം പൂർത്തിയാകുന്നതിനു എത്രകാലം വേണ്ടിവരുമെന്ന പറയാമോ?

ശ്രീ. സി. കേശവൻ: അതു ഇപ്പോൾ പറയാൻ നിവൃത്തിയില്ല. ഊർജ്ജിതമായി അന്വേഷണം നടത്തിവരികയാണ്.

ശ്രീ. പി. കെ. ഡിവർ: ഈ കേസിൽ ഊർജ്ജിതമായ അന്വേഷണം നടത്തണമെന്ന പ്രധാനമന്ത്രി ഉത്തരവു കൊടുത്തിട്ടുള്ളതായി പത്രങ്ങളിൽകണ്ടതു ശരിയാണോ?

ശ്രീ. സി. കേശവൻ: ഈ കേസ് സംബന്ധിച്ചുമാത്രമല്ല അങ്ങനെ ഉത്തരവു കൊടുത്തിട്ടുള്ളതു.

†Answer to this question laid on the table, the questioner having exhansted her quota.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. ഡിവർ: അങ്ങനെ ചെയ്യുന്നതിനു് കാരണം എന്താണു്?

Mr. Speaker: That question which appears to be based on a vague Newspaper report is not allowable. No information regarding the paper, its date of issue etc. is given.

ശ്രീ. പി. കെ. ഡിവർ: പ്രധാനമന്ത്രി ഊർജ്ജിതമായ നടപടികളും ഇതു കാര്യത്തിൽ നടത്തണമെന്ന ഇപ്പോൾ പ്രത്യേകം ഒരുത്തരവു് കൊടുക്കാൻ കാരണം വല്ലതുമുണ്ടോ?

ശ്രീ. സി. കേശവൻ: പോലീസിനുമാത്രമല്ല അങ്ങനെ ഉത്തരവുകൊടുത്തിട്ടുള്ളതു്. എല്ലാ വകുപ്പുകളിലേയും ഉദ്യോഗസ്ഥന്മാരോടു് അങ്ങനെ പറഞ്ഞിട്ടുണ്ടു്.

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ കേസിന്റെ തെളിവിനു് ആസ്പദമായ വിവരങ്ങൾ നൽകുന്നവർക്കു് പാരിതോഷികം കൊടുക്കുന്നതാണെന്നു പ്രഖ്യാപനം ചെയ്തിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: പ്രഖ്യാപനം ചെയ്തിട്ടുണ്ടു്.

ശ്രീ. പി. ടി. ചാക്കോ: ഈ കേസു് സംബന്ധിച്ചു എരുമേലിയിലും പരിസരങ്ങളിലും ഉള്ള ആളുകളെ പിടിച്ചു് പത്തനംതിട്ടയിലും അഡൂരിലും കൊണ്ടുപോയി മർദ്ദിച്ചിട്ടുള്ളതായി അറിയാമോ?

ശ്രീ. സി. കേശവൻ: അങ്ങനെ പരാതി കിട്ടിയിട്ടുണ്ടു്.

ശ്രീ. പി. ടി. ചാക്കോ: ആ പരാതികളെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ?

ശ്രീ. സി. കേശവൻ: അന്വേഷണം നടത്തിയിട്ടുണ്ടു്.

ശ്രീ. കോന്നനാത്തു കണ്ണിരാമമേനോൻ: എന്തു തുക സമ്മാനം കൊടുക്കാമെന്നാണു് പറഞ്ഞിട്ടുള്ളതു്?

ശ്രീ. സി. കേശവൻ: ൫, ൦ ൦ ൦ രൂപാ.

ശ്രീ. കെ. അയ്യപ്പൻ: ഈ സമ്മാനത്തുക ഒരു ൨൫, ൦ ൦ ൦ രൂപയാക്കാൻ ഗവണ്മെണ്ടു് ആലോചിക്കുമോ?

ശ്രീ. സി. കേശവൻ: അതുകൊണ്ടു് ഫലമുണ്ടാകുമെങ്കിൽ അതിനെപ്പറ്റി തീർച്ചയായും ആലോചിക്കാം.

Sri. P. Balakrishnan Tampi: Has the Government refused to show a copy of the report of Mr. Kesava Menon to the President of the Devaswam Board?

Mr. Speaker: That question was once answered.

Sri. C. Kesavan: The substance of the report has been given to him not in writing, but during conversation. The report being confidential could not be divulged to any person at the time of investigation.

Sri. P. Balakrishnan Tampi: Not even to a responsible person like the President of the Devaswom Board?

Sri. C. Kesavan: Certainly not. Excepting the Government nobody could see it.

ക്ഷേത്രനശീകരണം

* ൭൨൨. (൪൭) ശ്രീ. പി. എസ്. മാധവൻ വൈദ്യൻ: താഴെപറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

(എ) തിരു-കൊച്ചിയിൽ ശബരിമലക്ഷേത്രം നശിപ്പിച്ചതിനുശേഷം എത്ര ക്ഷേത്രങ്ങൾ നശിപ്പിച്ചിട്ടുണ്ടെന്നു പറയുമോ;

LIBRARY ARCHIVES Kerala Legislative Assembly